എ.വൈ.ആർ

രാജ്യവും അതിന്റെ പൈതൃക സംസ്കാരവും ഗുരുതരമായ ഭീഷണി നേരിട്ട സന്ദിഗ്ധ ഘട്ടത്തിൽ പ്രതിരോധത്തിനായി സേവനമാവശ്യപ്പെട്ടപ്പോൾ അതിന് കൂലിയുറപ്പാക്കിയവർ തന്നെയാണ് നിമിഷങ്ങൾക്കു ശേഷം സത്യവിശ്വാസം കൈക്കൊണ്ടപ്പോൾ ഫറവോന്റെ വധവിധിയെ തൃണവൽഗണിച്ച് ആദർശമാർഗത്തിൽ ജീവാർപ്പണത്തിനു സന്നദ്ധരായത്.



---

فَأُلْقِيَ السَّحَرَةُ سَاجِدِينَ ﴿٤٦﴾

46. അതുകണ്ട് ആഭിചാരകന്മാർ പ്രണാമത്തിൽ വീണുപോയി.

قَالُوا آمَنَّا بِرَبِّ الْعَالَمِينَ ﴿٤٧﴾

47. അവർ പ്രസ്താവിച്ചു: ഞങ്ങൾ അഖിലാണ്ഡ വിധാതാവിൽ വിശ്വസിച്ചിരിക്കുന്നു.

رَبِّ مُوسَىٰ وَهَارُونَ ﴿٤٨﴾

48. അഥവാ മൂസായുടെയും ഹാറൂനിന്റെയും വിധാതാവിൽ.

قَالَ آمَنتُمْ لَهُ قَبْلَ أَنْ آذَنَ لَكُمْ ۖ إِنَّهُ لَكَبِيرُكُمُ الَّذِي عَلَّمَكُمُ السِّحْرَ فَلَسَوْفَ تَعْلَمُونَ ۚ لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُم مِّنْ خِلَافٍ وَلَأُصَلِّبَنَّكُمْ أَجْمَعِينَ ﴿٤٩﴾

49. ഫറവോൻ കോപിച്ചു: ഞാൻ അനുമതി നൽകും മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ? തീർച്ചയായും അവൻ നിങ്ങളുടെ തലവൻ തന്നെ. നിങ്ങളെ ആഭിചാരം പഠിപ്പിച്ച ഗുരു. ഈ ഗൂഢാലോചനയുടെ ശിക്ഷ ഉടനെ നിങ്ങളറിയുന്നുണ്ട്. നിസ്സംശയം, ഞാൻ നിങ്ങളുടെ കൈകാലുകൾ ഒന്നിനൊന്ന് എതിരായി ഛേദിച്ചുകളയും. നിങ്ങളെല്ലാവരെയും കുരിശിൽ തറക്കുകയും ചെയ്യും.

قَالُوا لَا ضَيْرَ ۖ إِنَّا إِلَىٰ رَبِّنَا مُنقَلِبُونَ ﴿٥٠﴾

50. വിശ്വാസം വെളിപ്പെടുത്തിയ ആഭിചാരകന്മാർ മറുപടി കൊടുത്തു: സാരമില്ല. ഞങ്ങൾ ഞങ്ങളുടെ നാഥങ്കലേക്കു മടങ്ങേണ്ടവർ തന്നെയാണല്ലോ.

إِنَّا نَطْمَعُ أَن يَغْفِرَ لَنَا رَبُّنَا خَطَايَانَا أَن كُنَّا أَوَّلَ الْمُؤْمِنِينَ ﴿٥١﴾

51. ഞങ്ങളുടെ നാഥൻ തെറ്റുകുറ്റങ്ങൾ പൊറുത്തുതരുമെന്ന് ആശിക്കുന്നു; ഞങ്ങൾ ആദ്യം സത്യവിശ്വാസം കൈക്കൊണ്ടവരായതിനാൽ.

**46-51**

فَأُلْقِيَ السَّحَرَةُ = അപ്പോൾ (അതു കണ്ട്) ആഭിചാരകന്മാർ എറിയപ്പെട്ടു (വീണുപോയി)

سَاجِدِينَ = പ്രണാമം(മത്തിൽ) ചെയ്യുന്നവരായിട്ട്; قَالُوا = അവർ പ്രസ്താവിച്ചു; آمَنَّا = ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു

بِرَبِّ الْعَالَمِينَ = അഖിലാണ്ഡ വിധാതാവിൽ; رَبِّ مُوسَىٰ وَهَارُونَ = (അഥവാ) മൂസായുടെയും ഹാറൂനിന്റെയും വിധാതാവിൽ

قَالَ = അവൻ പറഞ്ഞു (ഫറവോൻ കോപിച്ചു) آمَنتُمْ لَهُ = നിങ്ങൾ അവനിൽ വിശ്വസിച്ചുവെന്നോ
قَبْلَ أَنْ آذَنَ لَكُمْ = ഞാൻ നിങ്ങൾക്ക് അനുമതി നൽകും മുമ്പ്
إِنَّهُ لَكَبِيرُكُمُ = തീർച്ചയായും അവൻ നിങ്ങളുടെ വലിയ(തല)വൻ തന്നെ
الَّذِي عَلَّمَكُمُ السِّحْرَ = നിങ്ങളെ ആഭിചാരം പഠിപ്പിച്ച(ഗുരു)വൻ
فَلَسَوْفَ تَعْلَمُونَ = (ഈ ഗൂഢാലോചനയുടെ ശിക്ഷ) ഉടനെ നിങ്ങൾ അറിയുന്നുണ്ട്
لَأُقَطِّعَنَّ أَيْدِيَكُمْ وَأَرْجُلَكُمْ = തീർച്ചയായും (നിസ്സംശയം) ഞാൻ നിങ്ങളുടെ കൈകാലുകൾ ഛേദിച്ചുകളയും
مِنْ خِلَافٍ = (ഒന്നിനൊന്ന്) എതിരായിട്ട് وَلَأُصَلِّبَنَّكُمْ أَجْمَعِينَ = നിങ്ങളെല്ലാവരെയും ഞാൻ കുരിശിൽ തറക്കുകയും ചെയ്യും
قَالُوا = അവർ പറഞ്ഞു (വിശ്വാസം വെളിപ്പെടുത്തിയ ആഭിചാരകന്മാർ മറുപടി കൊടുത്തു)
لَا ضَيْرَ = ക്ലേശമില്ല, സാരമില്ല إِنَّا = ഞങ്ങൾ إِلَىٰ رَبِّنَا = ഞങ്ങളുടെ നാഥങ്കലേക്ക്
مُنقَلِبُونَ = മടങ്ങുന്ന(ങ്ങേണ്ട)വർ (തന്നെ) ആണല്ലോ إِنَّا نَطْمَعُ = ഞങ്ങൾ ആശിക്കുന്നു
أَن يَغْفِرَ لَنَا رَبُّنَا = ഞങ്ങളുടെ നാഥൻ ഞങ്ങൾക്കു പൊറുത്തുതരുമെന്ന് خَطَايَانَا = ഞങ്ങളുടെ തെറ്റുകുറ്റങ്ങൾ
أَن كُنَّا = എന്തുകൊണ്ടെന്നാൽ ഞങ്ങൾ ആയിരിക്കുന്നു (ഞങ്ങൾ ആയതിനാൽ)
أَوَّلَ الْمُؤْمِنِينَ = സത്യവിശ്വാസികളിൽ പ്രഥമർ (ആദ്യമായി സത്യവിശ്വാസം കൈക്കൊണ്ടവർ)

തങ്ങൾ വടികളും കയറുകളും സർപ്പങ്ങളാണെന്ന് കൺകെട്ടുവിദ്യയിലൂടെ ജനങ്ങളെ ഭ്രമിപ്പിച്ചപ്പോൾ അതിനെതിരെ മൂസാ പ്രത്യക്ഷപ്പെടുത്തിയത് തങ്ങളുടെ കൃത്രിമനിർമിതികളെ വിഴുങ്ങിക്കളയുന്ന യഥാർഥ സർപ്പങ്ങളാണെന്നു കണ്ട മാന്ത്രികന്മാർക്ക് അത് മനുഷ്യസാധ്യമല്ലാത്ത ദിവ്യാത്ഭുതമാണെന്നും അതിന്റെ അവതാരകരായ മൂസായും ഹാറൂനും അല്ലാഹുവിന്റെ ദൂതന്മാരാണെന്നും നിസ്സന്ദേഹം ബോധ്യപ്പെട്ടു. അനിഷേധ്യമായ അവർ അല്ലാഹുവിന്റെ മുമ്പിൽ പ്രണാമത്തിൽ വീണുപോയി. തുടർന്ന് ഉച്ചൈസ്തരം പ്രസ്താവിച്ചു: "മൂസായും ഹാറൂനും (അ) പ്രബോധനം ചെയ്യുന്ന അഖിലാണ്ഡ നാഥനിൽ ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു.'' ഇതുകേട്ട് ഫറവോൻ കോപാന്ധനായി. അയാളെ സംബന്ധിച്ചേടത്തോളം മാന്ത്രികർ ചെയ്തത് മന്ത്രവാദ മത്സരത്തിൽ അവരുടെ പരാജയം സമ്മതിക്കലോ മൂസായുടെ വിജയം അംഗീകരിക്കലോ അല്ല; തന്നോട് മഹാ ധിക്കാരവും രാജദ്രോഹവുമാണ്. അത്യുന്നതനാഥൻ ഫറവോൻ അല്ല, മറിച്ച്, മൂസായും ഹാറൂനും പ്രബോധനം ചെയ്യുന്ന അഖിലാണ്ഡ നാഥനാണെന്ന് മത്സരഫലം തെളിയിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചിരിക്കുകയാണവർ. മന്ത്രവാദത്തിൽ തോറ്റുപോയെങ്കിൽ ഇനിയെന്ത് എന്നു തീരുമാനിക്കേണ്ടത് ഞാനാണ്. എന്നോടാലോചിക്കാതെ മൂസായെ അംഗീകരിക്കാനും അയാളുടെ ദൈവത്തിൽ വിശ്വാസമർപ്പിക്കാനും നിങ്ങൾക്കെന്തവകാശം?! മൂസായും നിങ്ങളും ചേർന്നു നടത്തിയ ഗൂഢാലോചനയാണീ തോൽവി. മൂസാ യഥാർഥത്തിൽ നിങ്ങളുടെ തലവനാണ്. അവനാണ് നിങ്ങളെ ആഭിചാരം പഠിപ്പിച്ച ഗുരു. എന്റെ രാജ്യവും അധികാരവും തട്ടിയെടുക്കാൻ അവനും നിങ്ങളും നടത്തിയ നാടകമാണിത്. അതിനു ലഭിക്കുന്ന സമ്മാനമെന്തെന്ന് നിങ്ങളിതാ അറിയാൻ പോകുന്നു. ഞാൻ നിങ്ങളുടെയെല്ലാം കൈകാലുകൾ ഒന്നിനൊന്ന് എതിരായി ഛേദിച്ച് കുരിശിലേറ്റുകയാണ്. ഒന്നിനൊന്ന് എതിരായി ഛേദിക്കുക എന്നതുകൊണ്ട് ഫറവോൻ ഉദ്ദേശിക്കുന്നത് വലതുകരവും ഇടതുകാലും അല്ലെങ്കിൽ നേരെമറിച്ചും ഛേദിക്കലാണ്.

സത്യവിശ്വാസം കൈക്കൊണ്ട മാന്ത്രിക വിദ്വാന്മാരിൽ ഫറവോന്റെ ശിക്ഷാവിധി ഒരു ചാഞ്ചല്യവുമുണ്ടാക്കിയില്ല. അവർ ദൃഢസ്വരത്തിൽ പറഞ്ഞു: സാരമില്ല, വിധാതാവിങ്കലേക്ക് മടങ്ങേണ്ടവർ തന്നെയാണ് ഞങ്ങൾ. ضير എന്ന മൂലപദം ضرّ-ന്റെ പര്യായമാണ്. ക്ലേശം, ഉപദ്രവം, വിഷമം എന്നെല്ലാം അർഥമുണ്ട്. ضرّ-ന്റെ ക്രിയ ضرّ-യും ضير-ന്റെ ക്രിയ ضار-യുമാകുന്നു. തുടർന്ന് ആദ്യ സത്യവിശ്വാസികളാകാൻ കഴിഞ്ഞതിനാൽ വിധാതാവ് ഞങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുതരുമെന്ന് ആശിക്കുകയാണ് മാന്ത്രികർ.

إِنَّا آمَنَّا بِرَبِّنَا لِيَغْفِرَ لَنَا خَطَايَانَا وَمَا أَكْرَهْتَنَا عَلَيْهِ مِنَ السِّحْرِ

(ഞങ്ങൾ വിധാതാവിൽ വിശ്വാസമർപ്പിച്ചിരിക്കുന്നു. ഞങ്ങൾ ചെയ്തുപോയ പാപങ്ങളും നീ ഞങ്ങളെ നിർബന്ധിച്ചു ചെയ്യിച്ച ആഭിചാരവും പൊറുത്തുതരാൻ) എന്നാണ് *ത്വാഹാ* 73-ൽ പറയുന്നത്.

وَمَا تَنقِمُ مِنَّا إِلَّا أَنْ آمَنَّا بِآيَاتِ رَبِّنَا لَمَّا جَاءَتْنَا ۚ رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ ﴿١٢٦﴾

(കൺമുന്നിൽ തെളിഞ്ഞുവന്ന ദൈവികദൃഷ്ടാന്തങ്ങളിൽ വിശ്വസിച്ചു എന്നതിന് മാത്രമാകുന്നു നീ ഞങ്ങളോടു പ്രതികാരം ചെയ്യുന്നത്. നാഥാ, ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞുതരേണമേ, ഞങ്ങളെ മുസ്‌ലിംകളായി മരിപ്പിക്കേണമേ) എന്ന് പ്രാർഥിച്ചതായി *അഅ്റാഫ്* 126-ലും പറഞ്ഞിരിക്കുന്നു.

ഈ സന്ദർഭത്തിൽ ഈ സംഭവം അനുസ്മരിക്കുന്നതിന് പല താൽപര്യങ്ങളുണ്ട്. ആളുകളുടെ എതിർപ്പിലും പീഡനത്തിലും പ്രബോധകൻ വ്യഥിതനാകേണ്ടതില്ല. അവിശ്വാസികൾ വിശ്വാസികളും സന്മാർഗികളുമാകാൻ ഏറെ സമയമൊന്നും വേണ്ട. അന്ധവിശ്വാസങ്ങൾ അരക്കിട്ടുറപ്പിക്കാൻ വേദിയിലെത്തിയ മന്ത്രവാദികൾ മത്സരാന്ത്യത്തിൽ അചഞ്ചലരായ സത്യവിശ്വാസികളായി മാറിയത് അതിനു

ദാഹരണമാണ്. സത്യവിശ്വാസത്താൽ ഹൃദയം പ്രകാശപൂരിതമാകുന്നവരുടെ ചിന്തയിലും സ്വഭാവചര്യകളിലും സംഭവിക്കുന്ന പരിവർത്തനമാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. രാജ്യവും അതിന്റെ പൈതൃക സംസ്കാരവും ഗുരുതരമായ ഭീഷണി നേരിട്ട സന്ദിഗ്ധ ഘട്ടത്തിൽ പ്രതിരോധത്തിനായി സേവനമാവശ്യപ്പെട്ടപ്പോൾ അതിന് കൂലിയുറപ്പാക്കിയവർ തന്നെയാണ് നിമിഷങ്ങൾക്കു ശേഷം സത്യവിശ്വാസം കൈക്കൊണ്ടപ്പോൾ ഫറവോന്റെ വധവിധിയെ തൃണവൽഗണിച്ച് ആദർശമാർഗത്തിൽ ജീവാർപ്പണത്തിനു സന്നദ്ധരായത്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* സൂറ *അൽഅഅ്റാഫ്* 120-126, *ത്വാഹാ* 70-73 സൂക്തങ്ങൾക്കു താഴെ കാണുക. ■

وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَسْرِ بِعِبَادِي إِنَّكُم مُّتَّبَعُونَ ﴿٥٢﴾
فَأَرْسَلَ فِرْعَوْنُ فِي الْمَدَائِنِ حَاشِرِينَ ﴿٥٣﴾

52. മൂസാക്കു നാം ദിവ്യ സന്ദേശമയച്ചു; എന്റെ ദാസന്മാരെയും കൂട്ടി രായ്ക്കുരാമാനം പുറപ്പെട്ടുകൊള്ളുക, നിങ്ങൾ പിന്തുടരപ്പെടുന്നതാകുന്നു എന്ന്.

53. അപ്പോൾ ഫറവോൻ പടയൊരുക്കാൻ നഗരങ്ങളിലേക്കൊക്കെയും ദൂതന്മാരെ അയച്ചു.

**52,53**

وَأَوْحَيْنَا إِلَىٰ مُوسَىٰ = മൂസായിലേക്കു നാം ദിവ്യസന്ദേശമയച്ചു
أَنْ أَسْرِ = എന്തെന്നാൽ രായ്ക്കുരാമാനം സഞ്ചരിക്കുക (പുറപ്പെട്ടുകൊള്ളുക)
بِعِبَادِي = എന്റെ ദാസന്മാരെയും കൊണ്ട് (കൂട്ടി)
إِنَّكُم مُّتَّبَعُونَ = തീർച്ചയായും നിങ്ങൾ പിന്തുടരപ്പെടുന്നവരാകുന്നു (എന്ന്)
فَأَرْسَلَ فِرْعَوْنُ = അപ്പോൾ ഫറവോൻ (പടയൊരുക്കാൻ) അയച്ചു
فِي الْمَدَائِنِ = നഗരങ്ങളിൽ (ഒക്കെയും) حَاشِرِينَ = ശേഖരിക്കുന്നവരെ (ദൂതന്മാരെ)

ഇനി പറയുന്നത് ഇസ്രാഈല്യരുടെ ഫലസ്ത്വീൻ പ്രയാണത്തെക്കുറിച്ചാണ്. അല്ലാഹു മൂസാ(അ)യോട് കൽപ്പിച്ചതു പ്രകാരമായിരുന്നു ആ പ്രയാണം. അദ്ദേഹവും മന്ത്രവാദികളും തമ്മിൽ മത്സരം നടന്ന ഉടനെ ഉണ്ടായതല്ല ഈ കൽപ്പന. ഫറവോൻ ഭീഷണിപ്പെടുത്തിയ പോലെ മൂസായിൽ വിശ്വസിച്ച മന്ത്രവാദികളെ കൈകാലുകൾ ഛേദിച്ചു കുരിശിലേറ്റി. നാട്ടിന്റെ നാനാദിക്കുകളിൽനിന്ന് വിളിച്ചുകൂട്ടിയ മന്ത്രവാദികൾ എഴുപതിനായിരത്തിലേറെയുണ്ടായിരുന്നുവെന്നാണ് കഥകളിൽ പറയുന്നത്. അതിൽനിന്ന് എഴുപതു പേരെയാണ് മത്സരത്തിനായി ഫറവോൻ തെരഞ്ഞെടുത്തത്. ആ എഴുപതു പേരിൽ അഞ്ചു പേരേ മത്സരത്തിൽ നേരിട്ടു പങ്കെടുത്തിട്ടുള്ളൂ. അവരെല്ലാം രാജ്യത്തെ മന്ത്രവാദാചാര്യന്മാരിലെ അഗ്രഗണ്യരായിരുന്നു. ഈ അഞ്ചു പേരാണ് തോൽവി സമ്മതിച്ച് മൂസായിൽ വിശ്വസിച്ചതും ശിക്ഷിക്കപ്പെട്ടതും. ചില കഥകൾ സാബൂറാ, ഗാന്ത, ഹിഫള്, ഖത്വത്വ്, മിസ്ഫാ എന്നിങ്ങനെ അവരുടെ പേരുകളുദ്ധരിച്ചിരിക്കുന്നു.

എന്നാൽ, മൂസായെയും ഹാറൂനെയും തൊടാൻ ഫറവോൻ ധൃഷ്ടനായില്ല. മൂസാ അവതരിപ്പിച്ചത് വെറും ജാലവിദ്യയൊന്നുമല്ലെന്ന് ഫറവോന് ബോധ്യപ്പെട്ടിരുന്നു. അഹന്തയും അധികാരപ്രമത്തതയും അതംഗീകരിക്കാൻ അയാളെ അനുവദിച്ചില്ലെന്നു മാത്രം. മൂസായെ ശിക്ഷിക്കാൻ തുനിഞ്ഞാൽ മന്ത്രവാദമത്സരത്തിലുണ്ടായതിനേക്കാൾ വലിയ തിരിച്ചടിയുണ്ടായെങ്കിലോ എന്നയാൾ ഭയപ്പെട്ടു. സംഭവം ജനങ്ങൾക്കിടയിൽ മൂസാ(അ)യോട് മതിപ്പു വളർത്തിയിരുന്നു. അദ്ദേഹത്തിൽ സത്യമുണ്ടെന്ന് ചിലർക്കെങ്കിലും തോന്നിയിരുന്നു. അദ്ദേഹത്തെ ശിക്ഷിക്കുന്നത് അത്തരം ആളുകളുടെ പ്രതിഷേധത്തിനു കാരണമാകാം. മന്ത്രവാദികൾ മത്സരത്തിൽ തോറ്റതിന് ജയിച്ചയാളെ പിടിച്ചു ശിക്ഷിക്കുന്നത് നീതീകരിക്കാനും പ്രയാസം. എങ്കിലും മൂസാ(അ)യുടെ രക്തത്തിനു വേണ്ടി അയാൾ ദാഹിച്ചു. ആ ദാഹം ശമിപ്പിക്കാൻ അയാൾക്ക് ജനങ്ങളുടെ അനുമതി വേണ്ടിയിരുന്നു. ഇടക്ക് അയാൾ ജനങ്ങളോടു സമ്മതം ചോദിക്കുന്നതായി സൂറ *ഗാഫിർ* 25-ാം സൂക്തവും, അപ്പോൾ ഫറവോന്റെ സഭയിലുണ്ടായിരുന്ന, രഹസ്യമായി മൂസാ(അ)യിൽ വിശ്വാസമുള്ള ഒരാൾ അതിനെ എതിർക്കുന്നതായി 28-ാം സൂക്തവും പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ മൂസായെയും സഹോദരനെയും സ്വഗോത്രത്തിലേക്ക് തിരിച്ചുപോകാൻ അനുവദിച്ചു. മൂസാ (അ) തന്റെ പ്രബോധനം തുടർന്നു. ഫറവോനോട് ഇസ്രാഈല്യരെയും കൂട്ടി ഈജിപ്ത് വിടാൻ പലവട്ടം അനുവാദം തേടി. അതിനിടക്ക് അല്ലാഹു ഫറവോനെ ബഹുവിധ പരീക്ഷണങ്ങൾക്ക് വിധേയനാക്കി. പേൻശല്യം, രക്തപ്രളയം, തവള ശല്യം, വെട്ടുകിളി ശല്യം എന്നിങ്ങനെ. ഓരോ പരീക്ഷണവും മൂസാ(അ)യുടെ പ്രവാചകത്വത്തെ സാക്ഷ്യപ്പെടുത്തുന്ന ദൃഷ്ടാന്തവുമായിരുന്നു. ഓരോ പീഡ നേരിടുമ്പോഴും ഫറവോനികൾ മൂസായോടപേക്ഷിക്കും: "നീ നിന്റെ ദൈവത്തോട് പ്രാർഥിച്ച് ഞങ്ങളെ ഈ പീഡയിൽനിന്ന് മോചിപ്പിക്കണം.

അങ്ങനെ ഞങ്ങൾ രക്ഷപ്പെട്ടാൽ ഞങ്ങൾ നിന്നിൽ വിശ്വസിക്കാം. ഇസ്രാഈല്യരെ നിന്നോടൊപ്പം വിട്ടയക്കുകയും ചെയ്യാം.'' മൂസാ (അ) പ്രാർഥിക്കുകയും പീഡ അകന്നു പോവുകയും ചെയ്താൽ, ഓരോ വട്ടവും ഫറവോനികൾ വാക്കുമാറുകയായിരുന്നു. മന്ത്രവാദ മത്സരത്തിനും ഇസ്രാഈല്യരുടെ ഫലസ്ത്വീൻ പ്രയാണത്തിനുമിടയിൽ നടന്ന സംഭവങ്ങൾ നേരത്തേ *അൽ അഅ്റാഫ്, യൂനുസ്* സൂറകളിൽ വിവരിച്ചിരിക്കുന്നു. തൗറാത്തിലും ഇത് വിശദമായി പറയുന്നുണ്ട്. ഒന്നിനു പിറകെ ഒന്നായി വന്ന പീഡകളിൽ പൊറുതിമുട്ടിയപ്പോൾ നാട്ടിലെ പ്രമാണിമാർ ഫറവോനെ ഉപദേശിച്ചു: "ഇസ്രാഈല്യരെ അവരാഗ്രഹിക്കുന്നിടത്തേക്ക് പോകാൻ അനുവദിച്ചാലും; ഇല്ലെങ്കിൽ ഈ നാട് മുടിഞ്ഞുപോകും.'' പ്രമാണിമാരുടെ ശിപാർശയാൽ നിർബന്ധിതനായി ഫറവോൻ മൂസാ(അ)ക്കും കൂട്ടർക്കും പോകാൻ അനുമതി നൽകി. പക്ഷേ, മുഴുവൻ ഇസ്രാഈൽ സമുദായത്തെയും കൂട്ടിയാണ് മൂസാ രക്ഷപ്പെടാനൊരുങ്ങുന്നതെന്നു കണ്ടപ്പോൾ ഫറവോൻ നിലപാട് മാറ്റി. ഇസ്രാഈല്യർ മുഴുവൻ നാടുവിടുകയെന്നാൽ ഈജിപ്തിലെ തൊഴിൽശക്തി മുഴുവൻ ഇല്ലാതാവുകയാണ്. അതു രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കും. രാജ്യത്ത് അടിമവർഗം ഒട്ടുമില്ലാതായാൽ കോപ്റ്റിക്കുകളുടെ വരേണ്യതക്ക് അർഥമില്ലാതാകും. മാത്രമല്ല, നാടുവിടുന്ന ഇസ്രാഈല്യർ പുറമെ നിന്ന് ആളും അർഥവും സംഭരിച്ച് വലിയൊരു സൈനിക ശക്തിയായി വന്ന് ഈജിപ്തിനെ അക്രമിക്കാനും സാധ്യതയുണ്ട്. അതുകൊണ്ട് ഈ ഒഴിച്ചുപോക്ക് തടഞ്ഞേ തീരു എന്ന് അയാൾ തീരുമാനിച്ചു. ഉടനെ രാജ്യത്തെ എല്ലാ നഗരങ്ങളിലേക്കും രാജകിങ്കരന്മാരെ വിട്ടു. പട്ടാളക്കാരെല്ലാം യുദ്ധസാമഗ്രികളുമായി തലസ്ഥാനത്തെത്താൻ കൽപിച്ചു. അവർ നാടുവിട്ടുപോകുന്ന ഇസ്രാഈല്യരെ ഈജിപ്തിൽതന്നെ തടഞ്ഞു നിർത്തണം. ഇസ്രാഈല്യരെയും കൂട്ടി രായ്ക്കുരാമാനം പുറപ്പെട്ടുകൊള്ളണം എന്ന അല്ലാഹു മൂസാ നബിയോട് ദിവ്യസന്ദേശം വഴി കൽപ്പിച്ചു എന്ന് പറയുന്നത് ഈ സാഹചര്യത്തെ സൂചിപ്പിച്ചുകൊണ്ടാണ്. പോകാൻ രാജകീയ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പോകുമ്പോൾ ഫറവോനും പടയും നിങ്ങളെ പിന്തുടരുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തിരിക്കുന്നു. ഈ അപകട സാധ്യത മുന്നിൽ കണ്ടുകൊണ്ടായിരിക്കണം യാത്ര എന്നർഥം. ■